**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2115** **01-09-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്ക് 50,000/- രൂപ ധനസഹായം നൽകി വരുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള കോവിഡ് മരണ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ചുമതല ആർക്കാണ്; കോവിഡ് മരണം സംഭവിച്ച് എത്ര കാലയളവിനുള്ളിൽ സമർപ്പിക്കുന്ന അപേക്ഷകൾക്കാണ് കോവിഡ് മരണ സർട്ടിഫിക്കറ്റ് നൽകുന്നതെന്ന് അറിയിക്കാമോ; ഇതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത ധനസഹായത്തിന് അപേക്ഷിക്കുന്നതിന് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ചുമതല ജില്ലാ മെഡിക്കൽ ഓഫീസർമാർക്കാണ്. കോവിഡ് മരണ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള കാലയളവ് സംബന്ധിച്ച് കേന്ദ്ര / സംസ്ഥാന സർക്കാരുകൾ മാർഗ്ഗനിർദ്ദേശങ്ങളൊന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ MA No. 1805/2021 in WP (C) No. 539/2021 കേസിന്മേലുള്ള 24/03/2022 തീയതിയിലെ ബഹു. സുപ്രീ കോടതി വിധിയുടെ അടിസ്ഥാനത്തിൽ 20/03/2022 ന് ശേഷം സംഭവിക്കുന്ന കോവിഡ് മരണങ്ങളിൽ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി മരണം സംഭവിച്ച് 90 ദിവസത്തിനകം ആയി നിശ്ചയിച്ച് ദുരന്ത നിവാരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | പലവിധ കാരണങ്ങളാൽ 90 ദിവസത്തിനകം മരണം രജിസ്ററർ ചെയ്യാനാകാത്തവർക്ക് ഇപ്പോൾ കോവിഡ് മരണ സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. MA No. 1805/2021 in WP (C) No. 539/2021 കേസിന്മേലുള്ള 24/03/2022 തീയതിയിലെ ബഹു. സുപ്രീ കോടതി വിധിയുടെ അടിസ്ഥാനത്തിൽ 20/03/2022 ന് ശേഷം സംഭവിക്കുന്ന കോവിഡ് മരണങ്ങളിൽ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി മരണം സംഭവിച്ച് 90 ദിവസത്തിനകം ആയി നിശ്ചയിച്ച് ദുരന്ത നിവാരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, 90 ദിവസത്തിനകം അപേക്ഷ സമർപ്പിക്കാൻ കഴിയാത്തവർക്ക് ജില്ലാതല ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റിയെ സമീപിക്കാവുന്നതാണെന്നും പ്രസ്തുത കമ്മിറ്റി ധനസഹായത്തിനായുള്ള അപേക്ഷകൾ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്നും ഉത്തരവിൽ പറയുന്നു. |

| | | | |
|---|---|---|---|
| | | | മേൽ സാഹചര്യത്തിൽ 20/03/2022 ന് ശേഷം സംഭവിച്ച കോവിഡ് മരണങ്ങളിൽ 90 ദിവസത്തിനകം മരണം രജിസ്ററർ ചെയ്യാനാകാത്തവർക്ക് ധനസഹായത്തിനായി ജില്ലാതല ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റിയെ സമീപിക്കാവുന്നതാണ്. |
| (ഡി) | ഇടുക്കി ജില്ലയിൽ കോവിഡ് ബാധിച്ച് മരിച്ച 13 പേരുടെ ആശ്രിതർക്ക് കോവിഡ് മരണ സർട്ടിഫിക്കറ്റ് നൽകാത്തതിനാൽ മരണാനന്തര ആനുകൂല്യം ലഭ്യമാകാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോ; മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി ഇവർക്കും ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (ഡി) | ഉണ്ട്. മരണം സംഭവിച്ച് 90 ദിവസത്തിന് ശേഷമാണ് അപേക്ഷിച്ചത് എന്നതിനാലാണ് 13 അപേക്ഷകളും നിരസിക്കപ്പെട്ടത്. ഇവരുടെ ആശ്രിതർക്ക് CDAC കമ്മിറ്റിയിൽ നേരിട്ട് അപേക്ഷ സമർപ്പിക്കുന്നതിനും അപേക്ഷ പരിശോധിച്ച് അവർക്ക് വേണ്ട ആനുകൂല്യങ്ങൾ ചെയ്തു കൊടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ ജില്ലാതലത്തിൽ തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ